ജൂലൈ 2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ആരെയും
ആകർഷിക്കുന്ന
3 ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph :2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ചെയർമാൻ
ജോയ് ആന്റോ
മാനേജിങ് ഡയറക്ടർ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 0487 – 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

**പുസ്തകം 28**
**ജൂലൈ**
**ലക്കം 6**

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ.മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റ്ഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

ഏക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
(നടത്തുകൈക്കാരൻ)

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| മതബോധനവാർത്തകൾ | 05 |
| ഓർമ്മിക്കുക ആചരിക്കുക | 07 |
| പരി. മറിയത്തിന്റെ പ്രിയപ്പെട്ട അമ്മ വി. അന്ന | 08 |
| മാലാഖയുടെ മുന്നറിയിപ്പ് | 09 |
| ഞാൻ ഞാനല്ലാതായപ്പോൾ | 10 |
| അഭിഭാഷക നീ | 11 |
| കന്നി വിശുദ്ധയുടെ കാൽപ്പാടുകൾ തേടി | 12 |
| കൂടുംബകൂട്ടായ്മ വാർത്തകൾ | 13 |
| തോറ | 17 |
| 2022 ജനുവരിയിലെ വി. സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ | 18 |
| മുള്ളാത്ത | 19 |
| സെന്റ് വിൻസെന്റ് ഡി പോൾ വാർത്തകൾ | 19 |
| എന്റെ കർത്താവേ എന്റെ ദൈവമേ | 20 |
| വി. യാക്കോബ് ശ്ലീഹായോടുള്ള പ്രാർത്ഥന | 21 |
| ദേവസഹായം പിള്ളയുടെ സന്നിധാനത്തിലേക്ക് - തീർത്ഥാടനം (തുടർച്ച) | 23 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ ഒന്നായി | 28 |
| ഇടവകയിൽ നിന്നും മാറിയപ്പോയവർ | 28 |
| ഇടവകയിലേക്ക് വന്നവർ | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |

### ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

**നടത്തുകൈക്കാരൻ**
ശ്രീ. **പ്രിൻസൻ ചേറ്റുപുഴക്കാരൻ**
+91 9048255098

### പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : **വിൽസൺ ആളൂർ കൊക്കൻ – +919745844551**

# എഡിറ്റോറിയൽ

ഇത് ശ്ലീഹാക്കാലം, യേശു തനിക്കിഷ്ടമുള്ളവരെ സമീപത്തേക്കു വിളിച്ചു 3 കാര്യങ്ങൾ പറഞ്ഞു. തന്നോടു കൂടി ആയിരിക്കാൻ, പ്രസംഗിക്കാൻ അയക്കാൻ, പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകാൻ. താൻ തിരഞ്ഞെടുത്ത അപ്പസ്തോലന്മാരെ ലോകത്തിലേയ്ക്കയക്കുമ്പോൾ അവരെ കാത്തിരുന്നത് ചെങ്കോലും സിംഹാസനവുമാണെന്ന് കരുതണ്ട. യേശുവിനെ പ്രതി മനുഷ്യൻ അവരെ അവഹേളിക്കും, പീഡിപ്പിക്കും, സിനഗോഗുകളിൽ നിന്ന് പുറത്താക്കും, ദ്വേഷിക്കും. അങ്ങനെ ക്രിസ്തുവിനുവേണ്ടി സഹിക്കാനുള്ള അനുഗ്രഹം കടി നിങ്ങൾക്കു ലഭിക്കും. പരിശുദ്ധാത്മ ശക്തി ലഭിച്ചതോടെ അപ്പസ്തോലന്മാർക്ക് ഈ സഹനങ്ങൾ അനുഗ്രഹമായി അനുഭവവേദ്യമായി. ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിക്കാൻ അവർ തയ്യാറായി, ശിശുവിനെപ്പോലെ സ്വയം ചെറുതാകാനും. അപ്പോൾ പത്രോസ് പറഞ്ഞില്ലേ, ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. അതേ സമ്പൂർണ്ണ സമർപ്പണത്തിലൂടെ അവർ ക്രിസ്ത്യാനി എന്ന നാമം സ്വന്തമാക്കി. അന്ത്യോക്യയിൽ വച്ചാണ് അവർ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്.

നമ്മളോരോ ക്രിസ്ത്യാനിയും ലോകത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ്, ഗോതമ്പുമണി പോലെ അഴിഞ്ഞില്ലാതാകാൻ അനശ്വരമായ മറ്റൊന്നിലേക്കു രൂപാന്തരപ്പെടാൻ. ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹാ നമ്മുടെ മുമ്പിൽ വ്യക്തമാക്കിയതും ഇതുതന്നെയല്ലെ. അതേ യേശുവിനെപ്രതി സഹിക്കുമ്പോൾ നമുക്ക് ആഹ്ലാദിച്ചാനനന്ദിക്കാം. സ്വർഗ്ഗത്തിൽ നമ്മുടെ പ്രതിഫലം വലുതായിരിക്കും. ഈ ശ്ലീഹാക്കാലത്തിൽ നമുക്ക് പ്രവർത്തന നിരതരാകാം, കൈത്താക്കാലത്തിൽ അതിന്റെ ഫലം കൊയ്തെടുക്കാം. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര മനോഹരം എല്ലാവർക്കും ദുക്റാനാ തിരുന്നാളാശംസകൾ!

സ്നേഹത്തോടെ,

**പത്രാധിപസമിതി.**

# ഇടയശബ്ദം



**“നമുക്കും അവനോടുകൂടെ പോയി മരിക്കാം” (യോഹ 11:16)**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 ജൂബിലി ആഘോഷിക്കുന്ന ഈ കാലയളവിൽ ജൂലൈ 3ലെ ദുക്റാന തിരുനാളിന് ഒത്തിരിയേറെ പ്രാധാന്യമുണ്ട്. ചുങ്കക്കാരൻ മത്തായിയുടെ ഇരട്ട പിറന്നവനെന്നും, യൂദാസ് എന്ന ഓമന പേരുള്ളവനുമായ തോമസ്, ലാസർ മരിച്ചു എന്നറിഞ്ഞ് യൂദയായിലേക്ക് പോകാൻ തുനിഞ്ഞ യേശുവിനെ മറ്റു ശിഷ്യന്മാർ തടഞ്ഞപ്പോൾ അവരെ ധൈര്യപ്പെടുത്തികൊണ്ട് “അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.” (യോഹ 11:16) എന്ന് പറഞ്ഞ ധീരനായ വിശ്വാസ പ്രഘോഷകനാണ്. തനിക്ക് യേശുവിലുള്ള വിശ്വാസത്തെ എല്ലായിടത്തും ഏറ്റുപറയാൻ ചങ്കുറ്റമുള്ളവനാണ് തോമസ്. ചെറിയൊരു സംശയത്തിന്റെ നിഴൽ പോലുമില്ലാതെ യേശു അനുഭവത്താൽ നിറഞ്ഞവൻ.

നാമെല്ലാവരും ഈ പിതാവിന്റെ മക്കളാണെന്നതിൽ ഊറ്റം കൊള്ളുന്നവരാണ്. എന്നാൽ ആ പിതാവ് നമ്മോട് പറഞ്ഞുവച്ച

വലിയ സന്ദേശം പലപ്പോഴും വിസ്മരിച്ചുപോകുന്നു. അത് ഇപ്രകാരമാണ്. ”അവിശ്വാസിയാ ക ാ െ ത
വിശ്വാസിയായിരിക്കുക.” മാർ തോമാശ്ലീഹാ ഭാരതഭൂവിൽ വരികയും വിശ്വാസത്തിന്റെ പിൻതുടർച്ച പകർന്നു തരികയും ചെയ്തുവെന്നതിൽ വിശ്വസിക്കുന്നവരാണെങ്കിൽ നമുക്ക് ഇന്നുള്ള ക്രിസ്തീയ വിശ്വാസം അനുഷ്ഠിക്കുന്നതിലും പാരമ്പര്യം പാലിക്കുന്നതിലും മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. അനുഭവിക്കാത്തതൊന്നും പകർന്നു നൽകാനാകില്ല എന്ന് തിരിച്ചറിയണം. ഒരിക്കലെങ്കിലും ഈശോയുടെ തിരുവിലാവിൽ തൊട്ടതിന്റെ രക്തകറ നമ്മുടെ വിരൽതുമ്പിൽ പതിഞ്ഞിട്ടുണ്ടോ....? എല്ലാ ദിവസവും ദിവ്യകാരുണ്യത്തിലൂടെ ഈശോയെ സ്പർശിക്കുന്നവരും, സ്വീകരിക്കുന്നവരുമല്ലെ നാം! എന്തുകൊണ്ട് ഉത്തമ വിശ്വാസിയാകാൻ നമുക്ക് പലപ്പോഴും കഴിയുന്നില്ല! അതിനുത്തരം ഒന്നുമാത്രമേ ഉള്ളൂ. കണ്ടത് കൊണ്ട് മാത്രം വിശ്വസിക്കുന്നവരാണ് നാം. കാണാതെ വിശ്വസിക്കാൻ നമുക്കിനിയും ആയിട്ടില്ല.

“എന്റെ കർത്താവേ, എന്റെ ദൈവമേ” എന്ന് ഒരായിരം തവണ നമ്മുടെ ഹൃദയത്തിൽ നമുക്ക് ഉരുവിടാം. വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായ മാർതോമാ ശ്ലീഹാ നമ്മെ വിശ്വാസത്തിൽ വഴി നടത്തട്ടെ.

ഒത്തിരി സ്നേഹത്തോടെ,
**ജെയ്സനച്ചൻ**



# മതബോധനവാർത്തകൾ

ഏറ്റവും സ്നേഹമുള്ള മാതാപിതാക്കളേ, വിദ്യാർത്ഥികളേ, ഈ വർഷത്തെ വിശ്വാസ പരിശീലനക്ലാസ്സുകൾ ജൂൺ 5-ാം തിയ്യതി ഞായറാഴ്ച വർഷാരംഭ പ്രാർത്ഥനയോടെ ദൈവാലയത്തിൽ വെച്ച് ആരംഭിക്കുകയുണ്ടായി. നമ്മുടെ ഇടവകയിൽ ഒന്നാം ക്ലാസ്സിൽ 21 കുഞ്ഞുമക്കൾ പുതിയതായി ചേരുകയുണ്ടായി. ഈ വിശ്വാസപരിശീലന വർഷത്തിൽ പുതിയതായി ചേർന്ന എല്ലാ വിദ്യാർത്ഥികളേയും വിശ്വാസ പരിശീലകരായി വന്ന അധ്യാപകരേയും നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ റവ. സി. കാതറിൻ റോസാപ്പൂ നൽകി സ്വാഗതം ആശംസിച്ചു. ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് അന്നേ ദിവസം Std XII, ACC എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ ഫലവൃക്ഷതൈകൾ നടുകയുണ്ടായി.

ജൂൺ 19-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് നടത്തപ്പെട്ട പി.ടി.എ. ജനറൽ ബോഡിയോഗം നിർമ്മലമാതാ സെൻട്രൽ സ്കൂൾ അധ്യാപകൻ ശ്രീ ശശി ഇമ്മാനുവേൽ ഉദ്ഘാടനം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്യുകയുണ്ടായി. വിശ്വാസപരിശീലന പ്രക്രിയയിൽ മാതാപിതാക്കൾ അനുവർത്തിക്കേണ്ട മാതൃകയുടെ പ്രസക്തി ശ്രീ. ശശി ഇമ്മാനുവേൽ തന്റെ വിവിവിധങ്ങളായ അനുഭവങ്ങളിലൂടെ പങ്കുവെയ്ക്കുകയുണ്ടായി. വികാരിയച്ചനും യൂണിറ്റ് ഡയറക്ടറുമായ റവ. ഫാ. ജെയ്സൻ പുനശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മതബോധന പ്രിൻസിപ്പാൾ 2021-22 വർഷത്തി

ലെ പി.ടി.എ. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 2022-2025 വിശ്വാസപരിശീലന കാലഘട്ടത്തിലേക്ക് താഴെ പറയുന്നവരെ പുതിയ പിടിഎ എക്സിക്യൂട്ടീവ് ഭാരവാഹികളായി തെരഞ്ഞെടുക്കുകയുണ്ടായി പ്രസിഡണ്ട് ഡോ. നന്ദിത ജസ്റ്റിൻ, വൈസ് പ്രസിഡന്റ് ശ്രീമതി ജീന ജേക്കബ്, ജോ.സെക്രട്ടറി ശ്രീ. കെ.ആർ. വിൽസൺ, ട്രഷറർ ശ്രീ. പ്രിൻസൺ ചേറ്റുപുഴക്കാരൻ കമ്മിറ്റി മെമ്പേഴ്സ് ശ്രീ. ജോസ് ഇമ്മട്ടി, അഡ്വ. കെ. എഫ്. റസ്സൽ, ശ്രീമതി പുഷ്പ ജോർജ്ജ്, ശ്രീമതി ജാൻസി ഫ്രാൻസീസ്. റവ. ഫാ. ജെയ്സൻ പുന്നശ്ശേരി കഴിഞ്ഞ നാല് വർഷം സ്തുത്യർഹമായ സേവനം കാഴ്ചവെച്ച അഡ്വ. നെറ്റോ നെല്ലിശ്ശേരിയുടെ നേതൃത്വത്തിലുള്ള പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് കൃതഞ്ജത രേഖപ്പെടുത്തുകയും പുതിയ ഭാരവാഹികൾക്ക് എല്ലാവിധ പിന്തുണയും ആശംസിക്കുകയും ചെയ്യുകയുണ്ടായി. ശ്രീമതി ആൻസി സുധീർ നന്ദി രേഖപ്പെടുത്തിയ യോഗം വൈകീട്ട് 4.30ന് സമംഗളം പര്യവസാനിച്ചു. First Mid Term പരീക്ഷ ജൂലൈ 31-ാം തിയ്യതി ഞായറാഴ്ച കാലത്ത് വിശ്വാസപരിശീലന ക്ലാസ്സുകളുടെ സമയത്ത് നടത്തപ്പെടുന്നതായിരിക്കും. താഴെ പറയുന്ന പാഠഭാഗങ്ങൾ നന്നായി പഠിച്ച് പരീക്ഷയ്ക്ക് കുട്ടികളെ പറഞ്ഞയക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ടെക്സ്റ്റ് ബുക്ക് 1, 2, 3 പാഠഭാഗങ്ങൾ, ബൈബിൾ വചനപഠന സഹായി, നമസ്ക്കാരം എന്നിവ ഫസ്റ്റ്ടേം ഭാഗം.

ഓരോ ആഴ്ചയും വിദ്യാർത്ഥികൾ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ അധ്യാപകർ വാട്സ്ആപ്പിൽ കൂടി അയച്ചുതരുന്നതാണ്. അങ്ങനെ ഒരു വർഷം കൊണ്ട് സമ്പൂർണ്ണ ബൈബിൾ വായിച്ച് പൂർത്തീകരിക്കാൻ നമ്മൾക്കേവർക്കും സാധിക്കട്ടെ.

വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെയും ബൈബിൾ വചന പഠനത്തിലൂടെയും മനസ്സിലാക്കിയ യേശുക്രിസ്തുവിനെ പരിശുദ്ധ കുർബ്ബാനയിലൂടെ അനുഭവയോഗ്യമാക്കുവാൻ നമ്മൾക്കേവർക്കും പരിശുദ്ധാത്മാവിന്റെ കൃപ സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ജൂലൈ 3 ദുക്റാന തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് സ്നേഹപൂർവ്വം

ഡോ. ജോയ് കരേരക്കാട്ടിൽ
പ്രിൻസിപ്പാൾ




| | | |
|---|---|---|
| 03.07.2022 | ഞായർ | **ദുക്റാന** |
| 06.07.2022 | ബുധൻ | **വി. മരിയാ ഗൊരേത്തി** |
| 09.07.2022 | ശനി | **വി. വെറോനിക്ക** |
| 11.07.2022 | തിങ്കൾ | **വി. ബനഡിക്ട്** |
| 14.07.2022 | വ്യാഴം | **വി. കമില്ലസ്സ്** |
| 16.07.2022 | ശനി | **കർമലമാതാവ്** |
| 17.07.2022 | ഞായർ | **പാലയൂർ തർപ്പണതിരുനാൾ** |
| 21.07.2022 | വ്യാഴം | **വി. ലോറൻസ്** |
| 25.07.2022 | തിങ്കൾ | **ദൈവദാസി സി. മരിയ സെലിൻ** |
| 26.07.2022 | ചൊവ്വ | **വി. അന്നാ ജോവാക്കിം** |
| 28.07.2022 | വ്യാഴം | **വി. അൽഫോൻസാമ്മ** |
| 31.07.2022 | ഞായർ | **വി. ഇഗ്നേഷ്യസ് ലയോള** |

# പരി. മറിയത്തിന്റെ പ്രിയപ്പെട്ട അമ്മ
# വി. അന്ന



'ഹന്ന' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് അന്ന എന്ന വാക്ക് രൂപം കൊള്ളുന്നത്. ഇതിനർത്ഥമാകട്ടെ അനുഗ്രഹം (grace) എന്നുമാണ്. പഴയ നിയമത്തിലെ സാമുവേൽ പ്രവാചകന്റെ അമ്മയുടെയും അന്നയുടെയും ജീവിതം ഏകദേശം സാമ്യമുള്ളതാണ്. വൈകിയാണ് ഇരുവർക്കും സന്താനഭാഗ്യമുണ്ടായത്. അതിനാൽ തന്നെ മക്കളില്ലാത്തവരുടെ മധ്യസ്ഥയായി വി. അന്നയെ സഭ വണങ്ങുന്നു. കൃഷിയും ആടുമാടുകളും കൊണ്ട് സമ്പന്നമായിരുന്നു അന്നയുടെയും ജോവാക്കിമിന്റേയും കുടുംബം. ജോവാക്കിമിന് 42ഉം അന്നയ്ക്ക് 24 വയസ്സുമായിരുന്നു വിവാഹസമയത്ത്. ദൈവഭക്തിയിലും പാവങ്ങളോടുസഹതാപവും നിറഞ്ഞ ആ ദാമ്പത്യത്തിൽ 20 വർഷക്കാലത്തേക്ക് മക്കളില്ലാതിരുന്നതിനാൽ നിന്ദനവും പരിഹാസവും ഏറ്റ് ജീവിക്കേണ്ടിവന്നു. ഒടുവിൽ ജോവാക്കിം പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി ഹെർമോൺ മലയിലേക്ക് പോയി. അന്നയെ ഉപേക്ഷിച്ചുവെന്ന് പരിചാരകർപോലും പരിഹസിച്ചുപറഞ്ഞു. ഒരു ദിവസം ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു. "നിനക്ക് ഒരു പുത്രി ജനിക്കും; ഹെർമോൺ മലയിലേക്കു പോയ ഭർത്താവിനെ സുവർണ്ണ കവാടത്തിങ്കൽ വച്ച് കാണും; ദൈവത്തിന് നന്ദിപറയുക." സന്തോഷത്തോടെ അന്ന ദേവാലയത്തിലേക്ക് പോയി. മാലാഖയുടെ വാക്കുകൾ അന്വർത്ഥമായി. വൈകാതെ തനിക്ക് ലഭിച്ച പുത്രിക്ക് മറിയം എന്ന് പേരിട്ടു. തന്റെ അമ്മയിൽനിന്നാണ് പരി. മറിയത്തിന് ദൈവമാതാവാകാനുള്ള ശക്തി ലഭിച്ചതെന്നത് വാസ്തവം തന്നെ. വി. അന്നയ്ക്കാവട്ടെ ഈശോയുടെ മുത്തശ്ശിയാവാനുള്ള വലിയ ഭാഗ്യവും ലഭിച്ചു. വി. അന്നയുടെ തിരുനാൾ വിശുദ്ധിയും ദൈവഭയവുമുള്ള ക്രിസ്തീയകുടുംബങ്ങളെ വാർത്തെടുക്കാനുള്ള അനുസ്മരണം കൂടിയാണ്.

ആൻ ട്രീസ
സെന്റ് സേവിയേഴ്സ് യൂണിറ്റ്.



# മാലാഖയുടെ മുന്നറിയിപ്പ്

**നേഹ ആൻ നെറ്റോ**
സെന്റ് തോമാസ് യൂണിറ്റ്

ബിനാസ്ക്കോയിലെ വാഴ്ത്തപ്പെട്ട വെറോനിക്കയുടെ ജീവിതത്തിലെ ഒരു സംഭവമിങ്ങനെയാണ് എഴുതിയിരിക്കുന്നത്. ദിവ്യബലി സമയത്ത് മുമ്പിൽ മുട്ടുകുത്തിയിരുന്ന മറ്റൊരു കന്യാസ്ത്രീയെ ഒരു കൗതുകത്തിന് നോക്കിയതാണ്. പെട്ടെന്ന് അടുത്തുനിന്ന മാലാഖ ശക്തിയായി അവളെ ശാസിച്ചു. " കുട്ടി എന്തിനാണ് ദിവ്യബലിയിൽ മറ്റൊരാളെ നോക്കിയത്?" അതുകേട്ട് ഞാൻ തളർന്നു വീഴുമെന്ന് പോലും തോന്നി. അത്ര ഗൗരവത്തിലായിരുന്നു ശാസന. കർത്താവിന്റെ കല്പനയാൽ ആ മാലാഖ എനിക്ക് വലിയൊരു പ്രായശ്ചിത്തവും വിധിച്ചു. പിന്നീട് 3 ദിവസത്തോളം ഞാൻ അതോർത്ത് കരഞ്ഞു. അതിനുശേഷം വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോൾ ഞാൻ പരമാവധി ശ്രദ്ധയോടെ നിൽക്കും. നമ്മൾ കുട്ടികൾക്കും ഇത് ഒരു നല്ല പാഠമാണ്.

# ഞാൻ ഞാനല്ലാതായപ്പോൾ



എന്റെ മമ്മിയും ഡാഡിയും എന്നെ ഓമനിച്ച് വിളിച്ചിരുന്ന പേരാണ് ഇനീഗോ. 12 വർഷത്തെ കാത്തിരിപ്പിനുശേഷം ദൈവം കൊടുത്ത എന്നെ അവർ താലോലിച്ചുതന്നെ വളർത്തി. ആ സ്വാതന്ത്ര്യം ഞാൻ മുതലെടുത്തു. ചോദിച്ചതു കിട്ടിയില്ലെങ്കിൽ എല്ലാം തല്ലി തരിപ്പണമാക്കുന്ന പ്രകൃതം. ആരേയും വകവയ്ക്കാതെ വീട്ടിലും സ്കൂളിലും നാട്ടിലും ഒരു തെമ്മാടിയേപ്പോലെ വിലസിനടന്നു. മമ്മി മുട്ടിന്മേൽനിന്നു കരഞ്ഞു പ്രാർത്ഥിക്കുമ്പോൾ എനിക്കു പുച്ഛം തോന്നും. ഒരു ദിവസം ഡാഡിയും മമ്മിയും കൂടെ എന്നെ തുമ്പാരശ്ശേരിയിലുള്ള കുരുക്കഴിക്കുന്ന മാതാവിന്റെ പള്ളിയിൽ കൊണ്ടുപോയി. അവിടത്തെ പ്രത്യേക പ്രാർത്ഥനകൾ ചൊല്ലി തിരിയും കത്തിച്ചുതിരിച്ചുപോന്നു. വഴിക്കുവച്ച് ഡാഡി ഒരു കടയിൽ കയറി. ഒരു പൊതി കയ്യിലുണ്ടായിരുന്നു.

ജൂലായ് 31 നാണ് എന്റെ ബർത്ത്ഡെ. അന്ന് കേക്ക് മുറിച്ചു അല്പം ആഘോഷത്തോടെ ഭക്ഷണവും മമ്മി ഒരുക്കിയിരുന്നു. ഡാഡി സർപ്രൈസ് ആയി എനിക്ക് തന്ന ഗിഫ്റ്റ് തുറന്നുനോക്കി. വി. ഇഗ്നേഷ്യസിന്റെ ഒരു ചെറിയ സ്റ്റാച്ച്യു ഒപ്പം അദ്ദേഹത്തിന്റെ ജീവചരിത്രവും. വലിയ തൃപ്തിയൊന്നുമില്ലാതെ ഞാനത് മുറിയിൽ കൊണ്ടുവച്ചു. മമ്മി പ്രാർത്ഥനമുടക്കിയില്ല. ഒരു ദിവസം ഞാൻ വെറുതെ ആ പുസ്തകം മറിച്ചുനോക്കി. പിന്നെ അവിടെയിവിടെ കുറച്ചുവരികൾ വായിച്ചു മടക്കി വച്ചു. വിശുദ്ധന്റെ രൂപം എന്നെ ആകർഷിക്കുന്നതുപോലെ, ഞാനത് കയ്യിലെടുത്തു ഒന്നു ചുംബിച്ചു അവിടെ വച്ചു. ദിവസങ്ങൾ കഴിയുന്തോറും പുസ്തകം വായിക്കാനൊരു പ്രചോദനം പോലെ. പിന്നെ അതൊരു പതിവാക്കി. യുദ്ധത്തിനിടക്ക് പരിക്കേറ്റ് ആശുപത്രിക്കിടക്കയിൽ വേദനിക്കുമ്പോൾ വായിക്കാനിടയായ വിശുദ്ധരുടെ പുസ്തകങ്ങൾ ഇനീഗോ എന്ന പേരുണ്ടായിരുന്ന ആ വിശുദ്ധന മാറ്റിയെടുക്കുകയായിരുന്നു. ഈശോസഭയുടെ സ്ഥാപകനായ അദ്ദേഹത്ത ഞാൻ മനസ്സിൽ താലോലിച്ചു. ദൈവം എന്നെ തൊട്ടനിമിഷങ്ങൾ. ഞാനാകെ മാറി. മമ്മിയുടെ പ്രാർത്ഥന അമ്മമാതാവുവഴി കർത്താവ് സ്വീകരിച്ചു. എല്ലാവർക്കും ഞാനിന്ന് ഇഷ്ടകഥാപാത്രമാണ്. അനേകരെ മാനസാന്തരപ്പെടുത്തിയും സർവ്വകലാശാലകൾ സ്ഥാപി

ക്കുകയും ചെയ്ത വി. ഇഗ്നേഷ്യസ് ലയോള 65-ാം വയസ്സിൽ മരിച്ചു. ഗ്രിഗറി 15-ാമനാണ് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചത്. ഞാനിന്ന് വളരെയധികം സന്തോഷവാനാണ് കാരണം ഈശോ സഭ യിൽ ചേരാനുള്ള ഒരുക്കത്തിലാണ് ഞാനിന്ന്.

നിങ്ങളുടെ സ്വന്തം ഇനീഗോ

ജെയിൻ വർഗ്ഗീസ്, സെന്റ് തോമസ് യൂണിറ്റ്

# അഭിഭാഷക നീ

ജെസ്സിമോൾ പി. റാഫേൽ
സെന്റ് സേവ്യർ യൂണിറ്റ്

തിരുകുടുംബത്തിന്റെ ലാവണ്യമേ
തിരുരക്തത്തിന്റെ അവകാശമേ
തിരുനാഥനേ മാറിലെടുത്തൊരു
മാതൃവാത്സല്യമേ

ഏഴു വ്യാകുലവാളാൽ പിളർന്നൊരു ഹൃദയമേ
വിനയഹൃദയമേ വിമലഹൃദയമേ
പാരിനെ മുഴുവൻ മാതൃവാത്സല്യത്താൽ
തഴുകുന്നൊരാ മാതൃസ്നേഹമേ
ഒരു നീല പുതപ്പിന്റെ കീഴിൽ
ദുഷ്ടശക്തികളിൽ നിന്നും
മറയ്ക്കുന്നൊരമ്മേ
മറിയമേ....
മാലാഖമാരുടെ റാണിയും നീ
മാദ്ധ്യസ്ഥമരുളൊന്നൊരു അഭിഭാഷകയും നീ
അലിവൊഴുകുമമ്മേ നിൻ
മുൻപിൽ അരുമ കുഞ്ഞായിരിക്കാൻ
അടിയനു ഭാഗ്യമിതേ ന്തേ.
വ്യാകുലമുരുകിയ
നീർമണിമുത്തുകൾ ജപമാലയാക്കി നീ
അടിയനു തന്നു കൂടെ നടപ്പൂ
എൻ പാദകളിൽ
തുണയായി സഖിയായി അമ്മയായി നീയെന്നും




# കന്നിവിശുദ്ധയുടെ കാൽപ്പാടുകൾ തേടി....

വി. അൽഫോൻസാമ്മയുടെ ചരമപ്രസംഗവേദി. ഫാ. റോമൂളൂസ് സി.എം.ഐ. വിശുദ്ധയുടെ ജീവസ്പന്ദനങ്ങൾ ഒപ്പിയെടുത്ത് പറഞ്ഞവാക്കുകൾ - വിവിധ നിലകളിൽ ലോകപ്രസിദ്ധിനേടാമായിരുന്ന ഈ യുവതീരത്നം തന്റെ ജീവിതകാലം മുഴുവൻ കന്യകാലയത്തിൽ രോഗശയ്യയിൽ കഴിഞ്ഞു. ജീവിതം പാഴാക്കി മരണ മടഞ്ഞെന്നു തോന്നുംവിധം. ഇവരെ ഏറ്റവും അധികം അറിയുന്ന ഒരു വ്യക്തിയെന്ന നിലയിൽ പറയുന്നു. ഈ 2000 വർഷങ്ങൾക്കിടയിൽ ഭാരതത്തിലെ ഉൽകൃഷ്ട വ്യക്തികളിൽ ദൈവസമക്ഷം മാഹാത്മ്യം നേടിയ ഒരു പുണ്യകന്യകയുടെ ശവസംസ്കാരത്തിലാണ് നാം പങ്കുകൊള്ളുന്നത്. ഇവളുടെ ആന്തരീക മഹത്വം ഗ്രഹിച്ചിരുന്നെങ്കിൽ ഉന്നതരും മഹാജനവും തന്നെ ഇവിടെ സന്നിഹിതരാകുമായിരുന്നു. ഈ പുണ്യശരീരം വണങ്ങാനും അവളുമായി ബന്ധപ്പെട്ട വസ്തുക്കൾ തൊടുന്നതിനായി ഓടിയണയുമായിരുന്നു. അവളുടെ പ്രവർത്തനങ്ങളെ വിവരിക്കാൻ ഒരു സ്വർഗ്ഗ ഭാഷയും ഒരു സ്വർഗ്ഗദൂതനും ആവശ്യമായിരുന്നു. ഈ ഭാഗ്യവതിയുടെ ദേഹവിയോഗത്തിൽ ആരും ദുഃഖിക്കേണ്ട. അതിനുശേഷം അവളുടെ മുറിയും മറ്റു വസ്തുക്കളും സൂക്ഷിക്കാൻ ആവശ്യപ്പെട്ടു. ”രാജാവ് തന്റെ മണവറയിലേക്ക് എന്നെ കൊണ്ടുവന്നിരിക്കുന്നു. ഞങ്ങൾ നിന്നിൽ ആനന്ദിച്ചുല്ലസിക്കും. ഞങ്ങൾ നിന്റെ പ്രേമത്തെ വീഞ്ഞിനേക്കാൾ പുകഴ്ത്തും” (ഉത്തമഗീതം 1/4).

മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും കുഴിമാടത്തിലേക്ക് ജനപ്രവാഹമായി.

വിൻസെന്റ് കെ.ജെ.
സെന്റ് മേരീസ് യൂണിറ്റ്

# മഡോണ കുടുംബക്കൂട്ടായ്മ വാർഷികം

അയ്യന്തോൾ സെൻറ് മേരീസ് അസംപ്ഷൻ ദേവാലയത്തിലെ മഡോണ കുടുംബ കൂട്ടായ്മയുടെ ഇരുപത്തഞ്ചാം വാർഷിക റിപ്പോർട്ട്. മഡോണ യൂണിറ്റ് പ്രസിഡണ്ട് ശ്രീ ഫ്രാൻസി എ.ജെ സ്വാഗതം ആശംസിക്കുകയും ബഹുമാനപ്പെട്ട വികാരി ഫാദർ ജെയ്സൻ പുന്നശ്ശേരി ഉൽഘാടന കർമ്മം നിർവഹിക്കുകയും ,കേന്ദ്രസമിതി കൺവീനർ അഡ്വ.നെറ്റോ നെല്ലിശേരി അധ്യക്ഷ പദം അലങ്കരിക്കുകയും മദർ സുപ്പീരിയർ സി. കാതറിൻ അനുഗ്രഹപ്രഭാഷണം നടത്തുകയും ആനിമേറ്റർ സി. ഡയാനയും നടത്തു കൈക്കാരൻ ശ്രീ ജെയിംസ് കളപ്പുരക്കലും ആശംസകൾ നേരുകയും ചെയ്തു. മഡോണ യൂണിറ്റിലെ മൂന്നു വർഷക്കാലത്തെ (2019–20, 2020–21, 2021 –22) പ്രവർത്തനങ്ങളുടെ വിവരണം സെക്രട്ടറി ശ്രീമതി ജെൻസി ജൂപ്പിറ്റർ വായിച്ചവതരിപ്പിക്കുകയും ട്രഷറർ ശ്രീ സാബു തരകൻ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി അഡ്വ.നെറ്റോ നെല്ലിശ്ശേരിയെയും കുട്ടികൂട്ടായ്മ ഭാരവാഹികളെ നിർദ്ദേശിക്കുന്നതിനായി സി. ഡയാനയെയും ചുമതലപ്പെടുത്തുകയും ആ കർത്തവ്യം ഭംഗിയായി നിർവഹിക്കുകയും ചെയ്തു. പ്രസിഡണ്ട് ആയി ശ്രീ സാബു തരകനെയും, വൈസ് പ്രസിഡന്റുമാരായി ഡോ. ജോൺ ജെയ്ക്കബ് നെയും,ശ്രീമതി റോസി ജെയ്ക്കബ് നെയും തിരഞ്ഞെടുത്തു. സെക്രട്ടറിയായി ശ്രീ. ജോൺസൻ മാപ്രാണത്തിനെയും ജോയിന്റ് സെക്രട്ടറി മാരായി ശ്രീ ഷിനോജ് തറയിലിനേയും ശ്രീമതി ജെൻസി ജൂപ്പിറ്ററെയും തിരഞ്ഞെടുത്തു. ട്രഷറർ ആയി ശ്രീമതി നിഷ നിക്സ നെയും, യൂത്ത് പ്രതിനിധിയായി ശ്രീ ഡിറ്റോ സെബിയെയും പ്രതിനിധിയോഗം അംഗമായി ശ്രീ സെബി പുളിക്കനെയും,സീനിയർ വനിതാ അംഗമായി ശ്രീമതി കൊച്ചുത്രേസ്യ വർഗീസിനെയും തിരഞ്ഞെടുത്തു. കുട്ടിക്കൂട്ടായ്മ പ്രതിനിധികളായി മാസ്റ്റർ ജെറോം ജെയ്സൺ നെയും ബേബി ദിയ മരിയ ഷിനോജ് നെയും തിരഞ്ഞെടുത്തു. യോഗത്തിനിടയിൽ പ്രായ ഭേദമന്യേ കലാ പരിപാടികളും അരങ്ങേറി. യോഗത്തിൽ ലഘു ഭക്ഷണവും ഉണ്ടായിരുന്നു. അക്കാദമിക്, അതിരൂപത, ഇടവക, മേഖല എന്നീ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങളും വിശിഷ്ട അതിഥികൾ കൈമാറി. ജോയിന്റ് സെക്രട്ടറി ശ്രീമതി റോസി ജെയ്ക്കബ് യോഗത്തിൽ എത്തിയ വിശിഷ്ട അതിഥികളോടും യൂണിറ്റ് ഭാരവാഹികളോടും അംഗങ്ങളോടും പ്രത്യേകം നന്ദി അറിയിച്ചു. വൈകീട്ട് എട്ടരയോടുകൂടി യോഗം അവസാനിച്ചു.

എന്ന്,

യൂണിറ്റ് സെക്രട്ടറി

ജെൻസി ജൂപ്പിറ്റർ

# ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മ

6-ാം വാർഷികം - റിപ്പോർട്ട് :

ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മയുടെ ആറാം വാർഷികം 2022 ജൂൺ 12 ന് ആഘോഷിച്ചു. രാവിലെ 6.30 ന് നടന്ന വിശുദ്ധ കുർബാനയിൽ യൂണിറ്റ് അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തുകയും, തുടർന്ന് വികാരിയച്ചൻ, മദർ, യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ ചേർന്ന് തിരി തെളിയിച്ച് വിശുദ്ധ കുർബാനയിൽ പങ്ക് ചേർന്നു.

വൈകിട്ട് 5.30 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്ന വാർഷിക പൊതു സമ്മേളനത്തിൽ ശ്രീമതി ലാലി വിൻസെന്റ്, ശ്രീമതി ശോഭന ആന്റോ എന്നിവർ ചേർന്ന് പ്രാർത്ഥനാ ഗാനം അവതരിപ്പിച്ചു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി യൂണിറ്റിൽ നിന്ന് വിടവാങ്ങിയവരെ സ്മരിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

യൂണിറ്റ് പ്രസിഡണ്ട് ശ്രീ. സുരേഷ് ജേക്കബ്ബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതു യോഗത്തിൽ യൂണിറ്റ് വൈസ് പ്രസിഡണ്ട് ശ്രീ. ജോജു മേക്കാട്ടുകുളം സ്വാഗതമേകി. സെക്രട്ടറി മിസ്സ്. നവീന ജോൺസൺ വാർഷിക റിപ്പോർട്ടും, ട്രഷറർ ശ്രീ. എം.ജെ. വിൻസെന്റ് വാർഷിക കണക്കും അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

ഇടവക വികാരി റവ.ഫാ. ജെയ്സൺ പുന്നശ്ശേരി ഉദ്ഘാടന കർമ്മം നിർവഹിച്ച് സംസാരിക്കവേ പരിശുദ്ധ ത്രീത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരി നടത്തിയ മുഖ്യ പ്രഭാഷണത്തിൽ കുടുംബ കൂട്ടായ്മയുടെ പ്രസക്തി എന്തെന്ന് വിശദീകരിക്കുകയും ചെയ്തു.

നടത്തു കൈക്കാരൻ ശ്രീ. ജെയിംസ് കളപുരയ്ക്കൽ, നിർമ്മല കോൺവെന്റ് മദർ റവ.സി. കാതറിൻ CHF, അനിമേറ്ററും, നിർമ്മല യു.പി. സ്കൂൾ ഹെഡ്മിസ്ട്രസുമായ റവ.സി. ഹിത ഫ്രാൻസിസ് CHF, എന്നിവർ പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാളശംസകൾ നേരുകയുണ്ടായി.

വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിച്ച കള്ളിക്കാടൻ ജോയ് - ലൂസി ജോയ് ദമ്പതികളെ വേദിയിൽ വികാരിയച്ചൻ

ആദരിക്കുകയുണ്ടായി. കൂടാതെ വേദപാഠ പഠനത്തിൽ ഒന്നും, രണ്ടും റാങ്കുകൾ കരസ്ഥമാക്കിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കാൻ വരണാധികാരിയായി അഡ്വ. നെറ്റോ നെല്ലിശ്ശേരിയെ യോഗം ചുമതലപ്പെടുത്തി. താഴെ പറയുന്ന ഭാരവാഹികളെ യോഗം എതിരില്ലാതെ തെരഞ്ഞെടുത്തു.

യൂണിറ്റ് വൈസ് പ്രസിഡണ്ട്, ശ്രീമതി മേരി ലാസർ കോനിക്കര ക്ഷണിക്കപ്പെട്ട അതിഥികൾക്കും, വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത കൂട്ടായ്മയിലെ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തിയതിനോടൊപ്പം, കേന്ദ്ര സമിതിയുടെ പെൻഷൻ പദ്ധതിയിലേക്ക് സ്പോൺസർഷിപ്പ് നൽകിയ യൂണിറ്റിലെ 9 കുടുംബങ്ങൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയുണ്ടായി. തുടർന്ന് നടന്ന ഡിന്നറിൽ എല്ലാവരും പങ്ക് ചേരുകയും, ചെറിയ കുട്ടികൾ ഗാനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. യോഗം രാത്രി 8.30 ന് സമാപിച്ചു.

എന്ന് യൂണിറ്റ് സെക്രട്ടറി,
നവീന ജോൺസൺ.

## ഹോളി ട്രിനിറ്റി യൂണിറ്റിന്റെ വാർഷിക പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾ 2022-25

| | | |
|---|---|---|
| 1. പ്രസിഡണ്ട് | : | സുരേഷ് ജേക്കബ്ബ് |
| 2. വൈസ് പ്രസിഡണ്ട് | : | ജോജോ പാലത്തിങ്കൽ |
| 3. വൈസ് പ്രസിഡണ്ട് | : | ശോഭന ആന്റോ |
| 4. സെക്രട്ടറി | : | നവീന ജോൺസൺ |
| 5. ജോയിന്റ് സെക്രട്ടറി | : | ബാബു ദേവസി തരകൻ |
| 6. ജോയിന്റ് സെക്രട്ടറി | : | മേരി ലാസർ |
| 7. ട്രഷറർ | : | ജോൺസൺ പുലിക്കോട്ടിൽ |
| 8. പ്രതിനിധി യോഗം അംഗം | : | അഡ്വ. ജെനൊ ആന്റണി. |
| 9. യൂത്ത് റെപ്രസന്റേറ്റീവ് | : | ടിനോ ലിജോ |
| 10. കുട്ടി കൂട്ടായ്മ | : | രോഹിത് ജെ പാലത്തിങ്കൽ |
| 11. കുട്ടി കൂട്ടായ്മ | : | ജാക്വിലിൻ ജോണി |
| 12. വനിത കൂട്ടായ്മ | : | ലാലി വിൻസെന്റ് |

# ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ



ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മയും വണക്കമാസ ആചരണവും ലക്സൺ ഡേവിസിന്റെ വീട്ടിൽ 06.06.2022 ന് നടന്നു. അന്നേദിവസം പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും യൂണിറ്റ് പ്രതിനിധികളും കൂടി നടുകയും ചെയ്തു. കുടുംബകൂട്ടായ്മ 2022-25 കാലയളവിലെ ഭാരവാഹികളായി ഡെൽസൺ ഡേവിസ് - പ്രസിഡന്റ്, ടോണി തരകൻ, മിൽസ ബൈജു - വൈസ് പ്രസിഡന്റ്, സിജോ കൊളങ്ങര - സെക്രട്ടറി, ബബിത ജോഷി - ജോ. സെക്രട്ടറി, സെജിൻ വി.എസ് - ജോ. സെക്രട്ടറി, ജേക്കബ് തോലത്ത് - ട്രഷറർ, സൈമൺ എ.ജെ. - പ്രതിനിധി അംഗം, ഗോഡ്വിൻ, സൈൺ എ.ജെ. - യൂത്ത് വിങ്ങ് കൺവീനേഴ്സ്, മേഴ്സി ജിജോ - കുട്ടിക്കൂട്ടായ്മ കോഡിനേറ്റർ, മേഗി സൈമൺ - വനിത വിങ്ങ് എന്നിവരെ തെരഞ്ഞെടുത്തു.

എന്ന് യൂണിറ്റ് പ്രസിഡന്റ്

ടോണി തരകൻ

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

## സ്നേഹസ്മരണകളോടെ

# 1–ാം ചരമവാർഷികം

06.06.2022



കിടങ്ങത്ത്പറമ്പിൽ ഔസേപ്പ് മകൻ

# കൊച്ചുമാത്യു

**ജനനം : 13.04.1949  മരണം : 06.06.2021**

മഡോണ യൂണിറ്റ്

# MY FIRST HOLY COMMUNION & CONFIRMATION

08 -May -2022






## NEHA ANN NETTO

**Adv NETTO NELLISSERY & Blessy Netto**
**NELLISSERY house, AYYANTHOLE P.O.,**
**THRISSUR. ST Thomas unit**

**Best wishes from**
**Noel Netto &Noreen Netto**




TT DEVASSY
JEWELLERS

FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers

# തോറ

ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്ത്കങ്ങളെ പഞ്ചഗ്രന്ഥി എന്നാണ് പറയുക. എബ്രായ ഭാഷയിൽ തോഹ്റ എന്നു പറയും. ഇതിൽ നിന്നാണ് തോറ എന്ന പേര് വന്നത്. ഉപദേശം, നിയമം എന്നും തോറയെ പരിഭാഷപ്പെടുത്താം. മോശ എഴുതിയതെന്ന് കരുതുന്നതിനാലാൽ മോശയുടെ നിയമ പുസ്തകം എന്നും പറയാറുണ്ട്. സൃഷ്ടിയുടെ സമയം മുതൽ മോശയുടെ മരണം വരെ ദൈവം മനുഷ്യനോട് ഇടപെട്ടതിന്റെ ചരിത്രമാണിത്. 600ലധികം പ്രമാണങ്ങൾ ഇതിലൂടെ നൽകിയതിൽ ഏറ്റവും മുഖ്യം "നിന്റെ ദൈവമായ യഹോവയെ നീ നിന്റെ മുഴുവൻ ഹൃദയത്തോടും നിന്റെ മുഴു ദേഹിയോടും നിന്റെ മുഴു ശക്തിയോടും കൂടെ സ്നേഹിക്കണം. നിയമാവർത്തനം 6:4-9

യേശു അതിനെ ഏറ്റവും വലിയതും ഒന്നാമത്തേതും ആയ കല്പന എന്നു വിളിച്ചു. മത്തായി 22/36-38.

ദൈവ മനുഷ്യ ബന്ധത്തിന്റെ മൂന്നു തലങ്ങളാണ് തോറ പ്രതിപാദിക്കുന്നത്. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതും, മനുഷ്യനെ അതിന്റെ കേന്ദ്രമായി മാറ്റുന്നതും വിവരിക്കുന്ന ഒന്നാമത്തെ തലം ഉൽപ്പത്തി 11 അധ്യായങ്ങളിലാണ്. പിന്നീടുള്ള 39 അധ്യായങ്ങളിൽ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുമായി ദൈവം നടത്തുന്ന ഉടമ്പടി. ഈ രണ്ടാമത്തെ തലത്തിൽ തന്നെയാണ് ഇസ്രായേൽ മക്കൾ ഈജിപ്തിൽ അടിമകളാകുന്നതും. രണ്ടാമത്തെ പുസ്തകമായ പുറപ്പാടിൽ വിവരിക്കുന്നത്, മോശ ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് സീനായ് മലവരെ അവരെ നയിക്കുന്നതാണ്. ആരാധനാവിധികളും പൗരോഹിത്യമുറകളുമാണ് 3-ാമത്തെ പുസ്തകമായ ലേവ്യരിൽ പ്രതിപാദിക്കുന്നത്. ഇസ്രായേൽ മക്കളിൽ യുദ്ധ ശേഷിയുള്ളവരെ എണ്ണിത്തിട്ടപ്പെടുത്താനായി 40 വർഷത്തെ പുറപ്പാടു യാത്രയുടെ ആരംഭത്തിലും അവസാനത്തിലും ഓരോ ജനസംഖ്യാകണക്കെടുക്കുന്നതിന്റെ വിശദാംശങ്ങളാണ് 4-ാമത്തെ പുസ്തകമായ സംഖ്യയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഉടമ്പടിയുടെ നവീകരണമാണ് 5-ാമത്തെ പുസ്തകമായ നിയമാവർത്തനം. ഒരു നിയമ സംഹിത തന്നെ. സിനഗോഗുകളിൽ യഹൂദർ ഇന്നും തോറയെ അതിപൂജ്യമായി തന്നെ സൂക്ഷിക്കുന്നു.

**ഗ്രെയ്സി ജോണി**
**സെന്റ് തോമാസ് യൂണിറ്റ്**

# 2022 ജനുവരിയിലെ
# വി. സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ

| | | |
|---|---|---|
| 1. നേർച്ചഭണ്ഡാരം (പള്ളി) | – | 31474 |
| 2. അമ്പു കൂപ്പൺ, വഴിപാട് (അമ്പ് + കുടുംബവരി + തട്ടുപിരിവ്) | – | 11200 |
| 1. സെന്റ് ജോസഫ്സ് യൂണിറ്റ് | – | 2990 |
| 2. സെന്റ് ആന്റണീസ് യൂണിറ്റ് | – | 366 |
| 3. ലിറ്റിൽ ഫ്ളവർ യൂണിറ്റ് | – | 596 |
| 4. സെന്റ് മേരീസ് യൂണിറ്റ് | – | 1666 |
| 5. സെന്റ് അൽഫോൻസ യൂണിറ്റ് | – | 198 |
| 6. ഹോളിഫാമിലി യൂണിറ്റ് | – | 650 |
| 7. ഹോളി ട്രിനിറ്റി യൂണിറ്റ് | – | 780 |
| 8. ക്രിസ്തുരാജ യൂണിറ്റ് | – | 208 |
| 9. സെന്റ് തോമാസ് യൂണിറ്റ് | – | 1290 |
| 10. സെന്റ് സേവിയേഴ്സ് യൂണിറ്റ | – | 703 |
| 11. സെന്റ് പോൾസ് യൂണിറ്റ് | – | 794 |
| 12. സെന്റ് പീറ്റർ യൂണിറ്റ് | – | 315 |
| 13. സെന്റ് ജോൺസ് യൂണിറ്റ് | – | 1098 |
| 14. മഡോണ യൂണിറ്റ് | – | 500 |
| 15. സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ് | – | 6176 |

**ജെയിംസ് കളപുരയ്ക്കൽ**
നടത്തുകൈക്കാരൻ

# മുള്ളാത്ത

ജെൻസി ജൂപ്പിറ്റർ
മഡോണ യൂണിറ്റ്



ആത്തപ്പഴം, സീതപ്പഴം എന്നൊക്കെപ്പറയുന്ന ഫലങ്ങൾ പോലെ ഒന്നാണ് ലക്ഷ്മണപ്പഴം അഥവാ മുള്ളാത്ത. മുള്ളുകളുള്ള തൊലിയാണ് ഇതിന് മധുരവും പുളിയും ചേർന്ന രുചിയാണ്. ഇംഗ്ലീഷിൽ "സോര് സോപ്പ" എന്നാണിതിന്റെ പേര്. കടുംപച്ചനിറമുള്ള കായ്കൾ പാകമാകുമ്പോൾ ഇളംമഞ്ഞനിറമാകും. 30 സെന്റീമീറ്റർ വരെ വലിപ്പവും 6½ Kg വരെ തൂക്കവും വരും. ഉള്ളിൽ കറുത്ത വിത്തുകളുണ്ടാകും. ഇതിലെ അസറ്റോജനിനസ് എന്ന ഘടകം അർബുദത്തെ നിയന്ത്രിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. കീമോതെറാപ്പിയുടെ പാർശ്വഫലങ്ങളെ കുറയ്ക്കാനും സഹായിക്കുമത്രെ. രോഗപ്രതിരോധശേഷി വർധിപ്പിക്കാനും, മാനസികപ്പിരിമുറുക്കം കുറയ്ക്കാനും, ഉറക്കം കിട്ടാനും സഹായിക്കുന്നു. ഈ ചെടിയുടെ ഇലയിൽ നിന്നുള്ള നീര് പേൻ, മൂട്ട ഇവയെ നശിപ്പിക്കാനുതകും. മൈഗ്രേൻ, വിളർച്ച, ദഹനക്കുറവ്, മൂത്രാശയരോഗങ്ങൾ ശരീരവേദന, ട്യൂമറുകളുടെ വളർച്ച നിയന്ത്രിക്കാനും ഈ ഫലം ഉപകാരപ്രദമാണ്. നാരും പോഷകങ്ങളു മടങ്ങിയ മുള്ളാത്ത വൈറ്റമിൻ സി, ബി, ബി2, ബി3, ബി5, ഇരുമ്പ്, മഗ്നീഷ്യം, പൊട്ടാസ്യം ഫോസ്ഫറസ്, സോഡിയം, എന്നിവയുടെ ഒരു കലവറയാണ്.

## സെന്റ് വിൻസെന്റ് ഡി പോൾ വാർത്തകൾ

# St. Vincent de paul Society

## 2022 to 2025 Committee

| | | |
|---|---|---|
| President | : | Roy O. F |
| Vice President | : | Jomon and Shiju George. |
| "Secretary | : | C. R. George |
| Joint Secretary | : | George Kaitharan |
| Tressurer | : | K. T. Jos |
| Joint Tressurer | : | P. T. Vincent |
| P. R. O. | : | Jacob Tholath |
| Store Keepers | : | K. P. Ouseph and K. P. Paul |
| Executive Members | : | Shaju Paul, Jinto and Joyal. |

# 'എന്റെ കർത്താവേ എന്റെ ദൈവമേ'

ഡെയ്സി അന്തപ്പൻ
സെന്റ് മേരീസ് യൂണിറ്റ്



കുത്തിത്തുറക്കപ്പെട്ടവന്റെ തിരുമുറിവിന്റെ ആഴവും വ്യാപ്തിയും തിരിച്ചറിഞ്ഞ തോമാശ്ലീഹാ ഉദ്ഘോഷിച്ചു എന്റെ കർത്താവേ എന്റെ ദൈവമേ ഈ വിശ്വാസപ്രഖ്യാപനം ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി വിശുദ്ധ യോഹന്നാൻ വ്യക്തമാക്കുന്നു. 'നീയെന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' (യോഹ. 20-29) എന്ന് ഈശോ തോമാശ്ലീഹായെ ഓർമ്മപ്പെടുത്തുമ്പോൾ കാണാതെ വിശ്വസിക്കുന്നവരുടെ അനുഗ്രഹപൂർണ്ണമായ അവസ്ഥയെ ഈശോ എടുത്തുകാണിക്കുകയാണ്. ശ്ലീഹന്മാരുടെ വിശ്വാസാനുഭവമാണ് നമ്മുടെ പൈതൃകം. കേരള ക്രൈസ്തവരുടെ അസ്തിത്വത്തിന്റെയും സുസ്ഥിരതയുടെയും അടിസ്ഥാനം ഈ പ്രഘോഷണമാകണം.

തോമശ്ലീഹ ഇപ്രകാരം വ്യക്തമാക്കി ഉത്ഥാനം ചെയ്ത നാഥൻ ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ ഞാൻ സ്ഥലത്തില്ലായിരുന്നു. കർത്താവിനെ കണ്ട കാര്യം അവർ എന്നോടു പറഞ്ഞു. അപ്പോഴത്തെ എന്റെ പ്രതികരണം ഇപ്രകാരമായിരുന്നു. അവിടുത്തെ കൈകളിൽ ആണികളുടെ പഴുതുകാണുകയും ആ പഴുതുകളിൽ എന്റെ വിരൽ ഇടുകയും അവിടുത്തെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുക

യും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല (യോഹ. 20:25) ശാഠ്യത്തിന്റെ പ്രകടനമായി നിങ്ങൾ ഈ വാക്കുകൾ പരിഗണിക്കരുത്. ഉത്ഥാനസത്യത്തിന്റെ ഉന്നതമേഖലകളിലേക്കു കയറി ചെല്ലുവാനുള്ള അഭിനിവേശമാണ് എന്റെ വാക്കുകളിൽ തുടിച്ചു നിൽക്കുക മുറിവുകൾ കാണണം ആണിപ്പഴുതുകളിൽ വിരൽ ഇടണം പാർശ്വത്തിൽ കൈവയ്ക്കണം. ദർശന ശ്രവണ സ്പർശനതലങ്ങൾ ഉൾക്കൊള്ളുന്നതാണ് എന്റെ ഉത്ഥാനാനുഭവം. ഉത്ഥിതന്റെ രൂപം എന്റെ കണ്ണുകളിലും കരങ്ങളിലും ഹൃദയത്തിലും പതിപ്പിച്ചുറപ്പിക്കുവാൻ ഞാൻ ആഗ്രഹിച്ചു. മറ്റു ശിഷ്യന്മാരിൽ നിന്ന് എന്നെ വേർതിരിക്കുന്ന പ്രതിഭാസം നിങ്ങളുടെ പിതാവായ എന്റെ തനിമയും സവിശേഷതയും മക്കളായ നിങ്ങളിലും പ്രശോഭിച്ചു നിൽക്കട്ടെ. കർത്താവും ദൈവവുമായവൻ നിങ്ങളെ ആശീർവ്വദിക്കട്ടെ.

# വി. യാക്കോബ് ശ്ലീഹായോടുള്ള പ്രാർത്ഥന



സെബദീപുത്രന്മാരിൽ ഒരുവനും കർത്താവായ യേശുക്രിസ്തുവിന്റെ ബന്ധുവും/ ഇടിമുഴക്കത്തിന്റെ പുത്രൻ എന്നറിയപ്പെടുന്നവനുമായ വിശുദ്ധ യാക്കോബ് ശ്ലീഹായേ/ ദിവ്യഗുരുവായ യേശുക്രിസ്തുവിന്റെ/ സത്യപ്രബോധനം വഴിയായ സ്പെയിൻ രാജ്യത്തെ ക്രൈസ്തവരാജ്യമാക്കിയല്ലോ. ക്രൂശിതന് സാക്ഷ്യം വഹിക്കാൻ/ ഹെരോദ് അഗ്രിപ്പായുടെ / നിഷ്ഠുരവാളിന്റെ മുമ്പിൽ സധൈര്യം കഴുത്ത് കാണിച്ച്/ ശിരച്ഛേദനം വഴിയായ്

രക്തസാക്ഷിമകുടം ചൂടിയ അപ്പസ്തോല പ്രമുഖനേ/ പാപികളും, ബലഹീനരും, ക്ലേശിതരും, പീഡിതരുമായ ഞങ്ങളെ സഹായിക്കണമേ. ശത്രുക്കളുമായുള്ള ഘോരയുദ്ധത്തിൽ/ വലിയ പരാജയഭീതിയോടെ/ തങ്ങളുടെ മാദ്ധ്യസ്ഥം യാചിച് സ്പെയിൻ രാജ്യത്തെ/ ശത്രുകരങ്ങളിൽനിന്നും രക്ഷിക്കാൻ വെള്ളക്കുതിരപ്പുറത്ത്, വെള്ളിടിത്തീപോലെ ജ്വലിക്കുന്ന വാളുമേന്തി/ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന്, അങ്ങ് പടപൊരുതിയല്ലോ. റഫായേൽ മാലാഖയും സ്വർഗ്ഗസൈന്യങ്ങളും അങ്ങയോട് ചേർന്ന്/ യുദ്ധം ചെയ്യുകയും, ശത്രുക്കളെ നിഷ്കരുണം വധിച്ച്/ വലിയ വിജയം നേടിക്കൊടുക്കുകയും ചെയ്തുവല്ലോ. അസ്മോദേവൂസ് എന്ന ദുഷ്ട പിശാചിൽ നിന്നും/ സാറായേയും തോബിയാസിനേയും രക്ഷിച്ച റഫായേൽ മാലാഖയോട് ചേർന്ന്/ ജിൻ എന്ന ദുഷ്ടശക്തിയിൽനിന്നും/ അവന്റെ ദുഷ്ടരായ ദൂതന്മാരിൽ നിന്നും/ സകല ക്രൈസ്തവവിശ്വാസികളെയും പ്രത്യേകിച്ച് എന്നേയും രക്ഷിക്കണമേ. ഗുരുവും കർത്താവുമായ യേശു ക്രിസ്തുവിന്റെ സ്വർഗ്ഗീയ മഹത്വത്താൽ/ അവന്റെ വലംഭാഗത്ത് ആയിരിക്കുവാൻ അഭിലഷിച്ച അങ്ങേക്ക്/ സ്വർഗ്ഗത്തിൽ ലഭിച്ചിരിക്കുന്ന/ ഉന്നതമായ മഹത്വത്തിൽനിന്നും / അങ്ങേ മാദ്ധ്യസ്ഥം യാചിക്കുന്ന ഞങ്ങളെ സഹായിക്കേണമേ. ആമ്മേൻ.

**സമാപന പ്രാർത്ഥന**: നിത്യസൗഭാഗ്യത്തിന്റെ ഉറവിടവും/ അനുഗ്രഹത്തിന്റെ നീർച്ചാലുമായ ദൈവമേ/ അവിടുത്തെ പ്രിയസുതനായ യേശുക്രിസ്തുവഴി/ മാനവകുലത്തിന് നൽകിയ രക്ഷയുടെ ഫലങ്ങൾ/ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ/ ഞങ്ങളിൽ വർഷിക്കുന്നതിന് അങ്ങേക്ക് നന്ദി പറയുന്നു. ഈ ധന്യവിശുദ്ധന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ/ ദുഷ്ടാരൂപികളിൽനിന്നും അവയുടെ അധീശന്മാരിൽ നിന്നും/ അവർ നടത്തുന്ന മന്ത്രവാദം, ക്ഷുദ്രപ്രയോഗം എന്നിവയുടെ ബന്ധനങ്ങളിൽ നിന്നും/ ഞങ്ങൾ സംരക്ഷിക്കപ്പെടട്ടെ. ആത്മീയവും മാനസികവും ഭൗതികവുമായ നന്മകളാലും/ സ്വർഗ്ഗീയ അനുഭവങ്ങളാലും ഞങ്ങൾ സമ്പന്നരായിത്തീരട്ടെ. എല്ലാവിധ രോഗങ്ങളിൽ നിന്നും/ കൃഷിനാശത്തിൽ നിന്നും/ ഞങ്ങൾ സംരക്ഷിതരായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**

## ദേവസഹായം പിള്ളയുടെ സന്നിധാനത്തിലേക്ക് - തീർത്ഥാടനം

(തുടർച്ച)

**ഡോ. ആന്റോ ഫ്ളോറൻസ് പി., സെന്റ് തോമസ് യൂണിറ്റ്**

**ചരിത്രം**

18-ാം നൂറ്റാണ്ടിൽ തിരുവിതാംകൂർ രാജ്യത്ത് മാർത്താണ്ഡവർമ്മ രാജാവിന്റെ കാര്യദർശിയായിരുന്നു നീലകണ്ഠപിള്ളയെന്ന പേരിൽ അറിയപ്പെട്ടിരുന്ന വി. ദേവസഹായംപിള്ള. രാജാവിന്റെ സേനാനായകനായ ഡച്ചുകാരനായ സിലനോയിയുമായുണ്ടായ അടുപ്പത്തെതുടർന്ന് ക്രിസ്ത്യാനിയായി മാറിയ നീലകണ്ഠപിള്ളയ്ക്കെതിരെ മഹാരാജാവിനെ തെറ്റിദ്ധരിപ്പിച്ച ദിവാൻ രാമയ്യർ ദളവയും കൂട്ടരും അദ്ദേഹത്തെ കൊട്ടാരത്തിൽനിന്നും പുറത്താക്കുകയും രാജ്യദ്രോഹകുറ്റം ചുമത്തി തുറുങ്കിലടക്കുകയും ചെയ്തു. പലവിധ പീഡനങ്ങളാൽ അദ്ദേഹത്തെ തിരികെ ഹിന്ദുമതത്തിലേക്ക് എത്തിക്കാമെന്ന അവരുടെ കണക്കുകൂട്ടലുകൾ തെറ്റിയതിനെത്തുടർന്ന് രാജകല്പന പ്രകാരം 1757 ജനുവരി 14-ാം തിയതി അദ്ദേഹത്തെ വധിച്ചു. ക്രിസ്തീയ വിശ്വാസത്തിന് സാക്ഷിയായി വധശിക്ഷയേറ്റു വാങ്ങിയ വി.ദേവസഹായംപിള്ളയ്ക്ക് വിശുദ്ധപദവി കൊടുക്കണമെന്ന അഭ്യർത്ഥന ആ നൂറ്റാണ്ടിൽതന്നെ ഉണ്ടായി. മലയാളക്കരയിലെ ക്രിസ്ത്യാനികളുടെ അവകാശങ്ങൾക്കായി നിവേദനവുമായി റോമിലേക്കു പോയ കരിയാറ്റിൽ പിതാവിന്റെ കൂടെ പോയ പാറമ്മാക്കൽ തോമ കത്താനാർ 1875-ൽ എഴുതിയ വർത്തമാനപുസ്തകത്തിൽ ഈ അഭ്യർത്ഥന രേഖപ്പെടുത്തിയിട്ടുണ്ട്.

**ഞങ്ങൾ നടന്ന വഴികളിലൂടെ...**

ഞങ്ങളുടെ യാത്ര നാഗർകോവിൽ- കന്യാകുമാരി ഹൈവേ (N.H.944) യിലൂടെ പെരുവിള എന്ന സ്ഥലത്തേക്കായിരുന്നു. അവിടെ വി. ദേവസഹായം പിള്ളയെ 7 മാസക്കാലം ബന്ധിച്ചിട്ടിരുന്ന ഒരു ആര്യവേപ്പ് ഉണ്ടായിരുന്നു. അവിടെ ഇന്ന് ഒരു സ്മാരകവും വേപ്പുമരവും, അതോടൊന്നിച്ച് തിരുക്കുടുംബത്തിന്റെ പ്രതിഷ്ഠയുള്ള ഒരു ചാപ്പലും കണ്ടു. അവിടെ തിരി കത്തിച്ച് പ്രാർത്ഥിച്ചപ്പോൾ എല്ലാവർക്കും നിറഞ്ഞ സംതൃപ്തിയുണ്ടായി.

അടുത്തതായി ഞങ്ങൾ എത്തിച്ചേർന്നത് പുലിയൂർ കുറിശ്ശിയെന്ന പ്രധാന തീർത്ഥാടനകേന്ദ്രത്തിലേക്കായിരുന്നു. പലതരത്തിൽ പീഡിപ്പിക്കപ്പെട്ട വി. ദേവസഹായംപിള്ളയെ പൊരിവെയിലിൽ അവിടെ ഒരു പാറയിലിരുത്തുകയും ദാഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ പടയാളികൾ

മലിനജലം നൽകിയതിനെത്തുടർന്ന് കർത്താവിനോട് തീവ്രമായി പ്രാർത്ഥിച്ചുകൊണ്ട് ചങ്ങലകൊണ്ട് ബന്ധിതമായ കൈമുട്ടുകൊണ്ട് പ്രാർത്ഥിച്ച് പാറയിലിടിച്ചപ്പോൾ അവിടെ ഒരു ഉറവ ഉണ്ടായിയെന്ന് വിശ്വസിക്കപ്പെടുന്നു. ആ സ്ഥലം ഇന്ന് 'മുട്ടിടിച്ചാൻ പാറ' എന്നറിയപ്പെടുന്നു. ഇന്നും ആ സ്ഥലത്ത് നീരുറവയുണ്ട്. ഞങ്ങളെല്ലാവരും അവിടെനിന്നും വെള്ളം കുപ്പികളിൽ ശേഖരിക്കുകയും കുടിക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് മിഖായേൽ മാലാഖയുടെ ഒരു പള്ളിയും സ്ഥിതിചെയ്യുന്നുണ്ട്.

പിന്നീട് ഞങ്ങളെത്തിയത് അദ്ദേഹം ജനിച്ചുവളർന്ന നട്ടാലം എന്ന ഗ്രാമത്തിലായിരുന്നു. 1712 ജനുവരി 23 ന് ഭൂജാതനായ അദ്ദേഹത്തിന്റെ അന്നത്തെ വീടിന്റെ ഒരു ചുമർ സംരക്ഷിച്ചുപോരുന്നു. പിന്നീട് നാലുകെട്ട് മാതൃകയിൽ ഒരു വീട് അവിടെ നിർമ്മിച്ച് അതൊരു മ്യൂസിയമായി നിലനിർത്തിയിരിക്കുന്നു. ഇതിന്റെ ചുമരുകളിൽ വി. ദേവസഹായംപിള്ളയുടെ ജീവിതത്തിലെ ഓരോ സംഭവങ്ങളും ചിത്രരൂപേണ ആലേഖനം ചെയ്തിട്ടുണ്ട്. പഴയവീട്ടിലെ സാധനങ്ങളെല്ലാം ആ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആ വീടിനോട് ചേർന്ന് വലിയൊരു കിണർ കാണാം. അന്നത്തെ ആ കിണറിലെ വെള്ളം ഇന്നും അവിടെയുള്ളവർ ഉപയോഗിക്കുന്നു. ആ കിണറിലെ വെള്ളം ഉപയോഗിക്കുന്നവരിൽ പല അത്ഭുതങ്ങളും അടയാളങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിലൊരെണ്ണമായി സംഭവിച്ച അത്ഭുതം - 7 മാസം ഗർഭിണിയായ ഒരു സ്ത്രീയുടെ കുട്ടി വയറ്റിൽവച്ച് മരണമടഞ്ഞെന്ന ഡോക്ടറുടെ അറിയിപ്പു കേട്ടയുടനെ ആ സ്ത്രീ വിശ്വാസപൂർവ്വം പ്രാർത്ഥിച്ച് ഈ വെള്ളം കുടിച്ചപ്പോൾ കുട്ടിക്ക് ജീവനുണ്ടാവുകയും ആരോഗ്യമുള്ള കുഞ്ഞിനെ പ്രസവിക്കുകയും ചെയ്ത സംഭവമാണത്രെ റോം സ്വീകരിച്ച് അദ്ദേഹത്തെ വിശുദ്ധഗണത്തിൽ ചേർക്കാൻ തീരുമാനിച്ചതെന്ന് അറിഞ്ഞു. അദ്ദേഹത്തിന്റെ വീടിന് എതിർവശത്തായി വി. ദേവസഹായം പിള്ളയുടെ പേരിൽ ഒരു പള്ളിയുണ്ട്. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട നിലയിൽ മുട്ടിൽനിന്നും പ്രാർത്ഥിക്കുന്ന വി. ദേവസഹായം പിള്ളയുടെ രൂപമാണ് ആ ദേവാലയത്തിലെ പ്രതിഷ്ഠ. ഉച്ചയ്ക്ക് 12 മണിയോടെ അവിടെ എത്തിയ ഞങ്ങൾ കാസർകോട്ടുനിന്നും വന്നെത്തിയ മറ്റൊരു തീർത്ഥാടനസംഘത്തെ കണ്ടുമുട്ടി. അവരിലെ കുടുംബാംഗമായ കപ്പൂച്ചിൻ അച്ചൻ ഒരു കുർബ്ബാനയർപ്പിച്ചു. ഞായറാഴ്ചയായതിനാൽ ഒരു മുഴുവൻ കുർബ്ബാനയിൽ പങ്കുകൊള്ളണമെന്ന ഞങ്ങളുടെ ആഗ്രഹമാണ് വി. ദേവസഹായംപിള്ളയുടെ അനുഗ്രഹത്താൽ

ഞങ്ങൾക്കു ലഭിച്ചത്. ഈ സംഭവം ഒരു അത്ഭുതാനുഭവമായാണ് ഞങ്ങൾക്കേവർക്കും തോന്നിയത്. തുടർന്ന് ഞങ്ങൾ എത്തിച്ചേർന്നത് 'പെരിയ നായകീമാത' അല്ലെങ്കിൽ 'വട്ടകൊട്ടിൽ' എന്നറിയപ്പെടുന്ന പുരാതന ദേവാലയത്തിലായിരുന്നു. ഇവിടെയുള്ള മാതാവിന്റെ രൂപത്തിന് പലതരം പ്രത്യേകതകളുണ്ട്. വിടർന്ന് താമരപ്പൂവിൽ നിൽക്കുന്ന മാതാവിന്റെ പ്രതിമയിൽ മനോഹരമായ കമ്മൽ ധരിച്ചും പട്ടുസാരി ചുറ്റിയും കൈയിലെ ഉണ്ണീശോ വർണ്ണശബളമായ ഉടുപ്പുധരിച്ചും നിൽക്കുന്നതേവരേയും ആകർഷിക്കുന്നതാണ്. ഈ ദേവാലയത്തോടനുബന്ധിച്ച് ഉയിർത്തെഴുന്നേറ്റ ഈശോയുടെ പേരിൽ 'Church of Ascension of Our Lord' എന്ന ദേവാലയമുണ്ട്. Gothic രീതിയിൽ പണികഴിച്ചിട്ടുള്ള ദേവാലയത്തിന് സെന്റ് പീറ്റേഴ്സ് ബസിലിക്കയോട് ഏറെ സാദൃശ്യമുണ്ട്. വളരെ മനോഹരമായ ആ കോമ്പൗണ്ടിൽ ഞങ്ങളുടെ ഉച്ചയൂണിന് സൗകര്യം ഒരുക്കിതന്നവരെ നന്ദിപൂർവ്വം സ്മരിക്കട്ടെ.

ഇവിടെനിന്നും ഞങ്ങൾ പോയത് ലോകത്തിലെതന്നെ അതിപുരാതന ദേവാലയങ്ങളിലൊന്നായ 'അരപ്പള്ളി'യിലേക്കായിരുന്നു. തിരുവിതാംകോട്ടിൽ വി. തോമാസ് ശ്ലീഹായുടെ പാരമ്പര്യത്തിന്റെ ഭാഗമായി നിലവിൽ വന്ന 'ഏഴരപള്ളി' 'അരപ്പള്ളി' തദ്ദേശവാസികൾ ആദരപൂർവ്വം 'തോമയാർ കോവിൽ' എന്നു വിളിക്കുന്നു. കേരള വാസ്തുശില്പരീതിയിൽ നിർമ്മിച്ചിട്ടുള്ള ഈ പള്ളി ഇന്ന് ഓർത്തഡോക്സ് റീത്തിന്റെ സംരക്ഷണയിലാണ്. വി. ഫ്രാൻസിസ് സേവ്യർ, വി. ജോൺ ബ്രിട്ടോ തുടങ്ങിയവരുടെ മിഷനറി പ്രവർത്തനത്തിന്റെ ഒരു കേന്ദ്രമായിരുന്നു ഈ പള്ളി. ചേരരാജാവിന്റെ പരിഗണനയിൽ നിർമ്മിക്കപ്പെട്ടതിനാലാണ് 'അരപ്പള്ളി' എന്ന പേര് കിട്ടിയത്. 'അര'യെന്നാൽ അരചൻ എന്നാണല്ലോ അർത്ഥം. വി. ദേവസഹായം പിള്ളയുടെ പീഡനകാലഘട്ടത്തിലൊരു ഭാഗം ഈ പള്ളിയുടെ വടക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന തുരങ്കത്തിൽ ബന്ധനസ്ഥനാക്കിയിരുന്നുവത്രേ. പള്ളിയിൽ കയറി എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുകയും കരിങ്കൽ വിളക്കിലെ എണ്ണ തൊട്ട് നെറ്റിയിൽ കുരിശു വരയ്ക്കുകയും ചെയ്തു.

അടുത്ത ഞങ്ങളുടെ സന്ദർശനം അദ്ദേഹം രക്തസാക്ഷിയായി വധിക്കപ്പെട്ട കാറ്റാടിമലയായിരുന്നു. തമിഴ്നാട്ടിലെ പശ്ചിമഘട്ട മലനിരയുടെ ഏറ്റവും ഉയരംകൂടിയ ഈ ഭാഗം ഇന്ന് തിരക്കേറിയ ഒരു തീർത്ഥാടന കേന്ദ്രമാണ്. വർഷങ്ങൾ നീണ്ട പീഡനപരമ്പരകളൊന്നും അദ്ദേഹത്തിന്റെ വിശ്വാസതീവ്രതയ്ക്കൊരു മാറ്റവും വരുത്തിയില്ലയെന്നുമാത്രമല്ല അത് പലരെയും ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുകയാണെന്നു മ

നസ്സിലാക്കിയപ്പോൾ ദളവ രാമയ്യരുടെ അഭിപ്രായപ്രകാരം മാർത്താണ്ഡവർമ്മ രാജാവ് അദ്ദേഹത്തിന് വധശിക്ഷ വിധിച്ചു. 1752 ജനുവരി 14, വെള്ളിയാഴ്ച അദ്ദേഹത്തെ കാറ്റാടിമലമുകളിലെത്തിച്ച് വെടിവെച്ചുകൊല്ലുവാൻ തീരുമാനിച്ചു. കൊല്ലുന്നതിനുമുമ്പ് പ്രാർത്ഥിക്കാനനുവാദം കിട്ടിയ അദ്ദേഹം മുട്ടിൽനിന്നും പ്രാർത്ഥിച്ച ആ പാറയിൽ അദ്ദേഹത്തിന്റെ മുട്ടുപതിഞ്ഞെന്നവണ്ണം രൂപപ്പെട്ട കുഴിയുടെ സ്ഥാനം വളരെ ശ്രദ്ധേയമാണ്. വെടിവെച്ചുകൊന്ന സ്ഥലം ഒരു കുരിശുനാട്ടി അടയാളപ്പെടുത്തിയിട്ടുണ്ട്. രക്തം ചിന്തിയ അദ്ദേഹത്തിന്റെ ശരീരം താഴേക്ക് പതിച്ച സ്ഥലവും പ്രത്യേകം 'Stone slab' ഇട്ട് അടയാളപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം താഴേക്കു പതിച്ച വലിയൊരു പാറക്കഷ്ണം ആ രക്തസാക്ഷിയുടെ മരണവാർത്ത പുറംലോകത്തെ അറിയിക്കാനെന്നവണ്ണം മണിയടിക്കുന്ന ശബ്ദത്തോടെ താഴെ വീണു. ആ പാറ 'മണിയടിച്ചാൻപാറ' എന്നറിയപ്പെടുന്നു. ആ പാറയിൽ ഒരു കല്ലെടുത്തു തട്ടിയാൽ ലോഹമണിയിൽ തട്ടുന്നപോലെ ശബ്ദം വരുന്നുണ്ട്. ഒരു ഇരുമ്പുകവചം കൊണ്ട് ആ പാറയെ പ്രത്യേകം സംരക്ഷിക്കുന്നുണ്ട്. ഒരു വലിയ ആൽമരചുവട്ടിലായിരുന്നു അദ്ദേഹത്തിന്റെ ദേഹം കിടന്നിരുന്നത്. 2 ദിവസങ്ങൾക്കുശേഷം കിട്ടിയ പൂജ്യ അവശിഷ്ടങ്ങളാണ് കുറച്ചു ക്രിസ്ത്യാനികൾ അവിടെയടുത്ത് നിലനിന്നിരുന്ന സെന്റ് സേവ്യർ കോട്ടാർ പള്ളിയിൽ അടക്കം ചെയ്തത്. കർത്താവിന്റെ 'കാൽവരിയാത്ര'യോട് സദൃശ്യമാംവിധം ഒരുക്കിയിട്ടുള്ള കാറ്റാടിമലയിൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ പീഡനപരമ്പരകൾ പല ഭാഗങ്ങളിലായി ദൃശ്യാവിഷ്കരിച്ചതായി കാണാം.

കാറ്റാടിമലയിലെ സുന്ദരമായ ഭൂപ്രകൃതിയും താഴ്വാരത്ത് കാണുന്ന 'മുപ്പന്തൽ' കാറ്റാടി ഫാമിലെ കാറ്റാടിയന്ത്രങ്ങൾ ഏഷ്യയിൽതന്നെ ഏറ്റവും കൂടുതൽ ഇലക്ട്രിസിറ്റി കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രവുമാണ്. മലയടിവാരത്ത് സ്ഥിതിചെയ്യുന്ന മനോഹരമായ വ്യാകുലമാതാവിന്റെ ദേവാലയവും ഏവരെയും ആകർഷിക്കുന്നതാണ്. ഇറങ്ങിവന്ന ഞങ്ങൾക്ക് കിട്ടിയ ചൂടുചായ ഞങ്ങളെ ഉന്മേഷഭരിതരാക്കി.

തുടർന്ന് ഞങ്ങൾ ലക്ഷ്യമിട്ടത് ലോക ടൂറിസ്റ്റ് ഭൂപടത്തിലെ കേന്ദ്രമായ കന്യാകുമാരിയായിരുന്നു. 40 മിനിറ്റ് യാത്രയിൽ നടത്തിയ ഭക്തിഗാന അന്താക്ഷരീമത്സരവും വളരെ മികച്ചതായിരുന്നു. വൈകുന്നേരം 5.50 ന് അവിടെയെത്തിച്ചേർന്ന ഞങ്ങൾ കടലിലേക്ക് തള്ളിനിൽക്കുന്ന മുനമ്പിന്റെ ഭംഗികണ്ട് അത്ഭുതപ്പെട്ടുപോയി. ത്രിവേണി സമുദ്രസംഗമ

മായ കന്യാകുമാരിക്കു ചുറ്റും ആഞ്ഞടിക്കുന്ന ബംഗാൾ ഉൾക്കടലും (കിഴക്ക്), ഇന്ത്യൻ മഹാസമുദ്രം (തെക്ക്), അറബിക്കടൽ (പടിഞ്ഞാറ്) എന്നിവയിൽ വ്യത്യസ്ത നിറത്തിൽ നിരന്നുകിടക്കുന്ന മണൽപരപ്പ് ഏവരുടെയും മനം കവരുന്നതാണ്. ദീർഘകാലത്തെ ചരിത്രം പേറി നിൽക്കുന്ന തെരുവീഥികളും അവിസ്മരണീയ സ്മാരകങ്ങളായ വിവേകാനന്ദന്റെ പ്രതിമയും വിവേകാനന്ദൻ ധ്യാനനിമഗ്നനായിരുന്ന വിവേകാനന്ദപ്പാറയും, 133 അടി ഉയരത്തിലുള്ള തിരുവള്ളുവരുടെ കൂറ്റൻ പ്രതിമയും കന്യാകുമാരിയുടെ പാദം സംരക്ഷിക്കുന്ന ക്ഷേത്രമണ്ഡപവും, ഗാന്ധിജിയുടെ ചിതാമഭസ്മം വച്ചിരുന്ന സ്ഥലത്ത് നിലകൊള്ളുന്ന ഗാന്ധി മെമ്മോറിയലും ശില്പചാരുതയുടെ അത്ഭുതക്കാഴ്ചതന്നെയാണ്. സൂര്യാസ്മയവും ചന്ദ്രോദയവും ഒന്നിച്ച് ഒരേ ദിശയിൽ തന്നെ കാണാവുന്ന ഇന്ത്യയിലെ ഏക കേന്ദ്രമാണ് കന്യാകുമാരി. കടലിൽ തെന്നി നീങ്ങിക്കൊണ്ടിരിക്കുന്ന ബോട്ടുകളും കടലിൽ മുങ്ങിക്കുളിക്കുന്ന സഞ്ചാരികളും നയനാനന്ദകരമായ കാഴ്ചയായിരുന്നു. സൂര്യസ്തമയം കാണാൻ വെമ്പിനിന്ന ഞങ്ങൾ നോക്കിനിൽക്കെ 6 മണിക്ക് ചുവന്നുതുടുത്ത സൂര്യൻ അറബിക്കടലിൽ മുങ്ങിമറഞ്ഞു.

രാത്രി 7.30 ന് ഹോൺ മുഴക്കി വന്നുനിന്ന Joy & Joy Tempo ഞങ്ങളെയെല്ലാവരെയും വഹിച്ച് നാഗർകോവിൽ റെയിൽവേ സ്റ്റേഷനിൽ എത്തിച്ച് മടങ്ങി. അതിനേതുടർന്ന് ഹോളി ക്രോസ് സിസ്റ്റേഴ്സ് കൊടുത്തയച്ച രാത്രിഭക്ഷണവുമായി വണ്ടി ഞങ്ങളുടെ അടുത്തെത്തി. റെയിൽവേ പ്ളാറ്റ്ഫോമിൽ മനോഹരമായി കിടന്നിരുന്ന സ്റ്റീൽ ചെയറുകളിൽ ഓരോരുത്തരും പ്ലേറ്റുകളിൽ ചപ്പാത്തിയും ചിക്കൻകറിയും എടുത്ത് ആസ്വദിച്ച് കഴിച്ചു. അതിനുശേഷം കൃത്യസമയത്ത് രാത്രി 9.45 നു തന്നെ ഗുരുവായൂർ-എഗ്മോർ ട്രെയിൻ എത്തി. രണ്ട് കംപാർട്ടുമെന്റിൽ കയറിക്കൂടിയ ഞങ്ങൾ അവരവരുടെ ബർത്തുകളിൽ കിടക്കുകയും പെട്ടെന്നുതന്നെ നിദ്രാദേവി ഞങ്ങളെ തഴുകി ഉറക്കി. തിങ്കളാഴ്ച രാവിലെ 6 മണിക്ക് തൃശ്ശൂരിൽ 2-ാം നമ്പർ പ്ലാറ്റ്ഫോമിൽ ഇറങ്ങിയ ഞങ്ങളെല്ലാവരും ചെറിയ ഗ്രൂപ്പുകളായി വീടുകളിലേക്ക് മടങ്ങി. തീർത്ഥാടനവും വിനോദയാത്രയും ഒരുമിച്ച് നടത്താൻ കഴിഞ്ഞുവെന്നത്, ഏറെ ആനന്ദകരമായി. ഇത്തരം യാത്രകൾ ഏവരുടെയും ജീവിതത്തിൽ പുതിയ ഉണർവും ഉന്മേഷവും ഉളവാക്കുന്നതിനോടൊപ്പം അവിസ്മരണീയമായ അനേകം നിമിഷങ്ങളെ സമ്മാനിക്കുകയും ചെയ്യുന്നു. ഒരിക്കലും മറക്കാത്ത ആനന്ദാനുഭവങ്ങൾ നൽകുന്നു ഇത്തരം യാത്രകൾ.

# ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 14/2022<br>11.02.2022 | തറയിൽ ഷിന്റോ & റോസ് മോൾ റപ്പായി മകൾ കൊച്ചുത്രേസ്യ (ഹെയ്ൻ ഷിന്റോ) 05.06.2022 |
| 15/2022<br>27.05.2021 | ആട്ടോക്കാരൻ ബിജു പോൾ & ജിൻസിമോൾ ജോ മകൻ പോൾ ബിജു 27.06.2022 |
| 290/2020<br>05.12.2019 | ആട്ടോക്കാരൻ ബിജു പോൾ & ജിൻസിമോൾ ജോ മകൾ പേൾ ബിജു 31.10.2020 |

# ഞങ്ങൾ ഒന്നായി

| വിവാഹ തീയ്യതി | പേര്, വിലാസം |
|---|---|
| 05.06.2022<br>തിരൂർ | അയ്യന്തോൾ ഇടവക മുട്ടത്ത് ദേവസ്സി (ബാബു) & മേരി (ഫ്രാൻസി) മകൾ ജിസ്മി ബാബു<br>ഇടവക പാണേങ്ങാടൻ ഫ്രാൻസിസ് & സ്റ്റെല്ല മകൻ സ്റ്റെറിൻ ഫ്രാൻസിസ് |

# ഇടവകയിൽ നിന്നും മാറിപ്പോയവർ

| | |
|---|---|
| 30/05/2022 | തരകൻ പൊറിഞ്ചു മകൻ ജേക്കബ് - ലിറ്റിൽഫ്ളവർ - പൊങ്ങണംകാട് ഇടവക |
| 07/06/2022 | ചിരിയങ്കണ്ടത്ത് തോമ മകൾ അന്ന - സെന്റ് ജോസഫ്സ് യൂണിറ്റ് - ലൂർദ്കത്തീഡ്രൽ |
| 09/06/2022 | കിടങ്ങൻ ജോൺസൻ മകൻ ആനന്ദ് - സെന്റ് പീറ്റർ യൂണിറ്റ് - കർമലാരാം, (ബാംഗ്ലൂർ) |
| 11/06/2022 | ഇമ്മട്ടി ലാസർ മകൻ ടോജോ - ഹോളിഫാമിലി യൂണിറ്റ് - കർമലാരാം (ബാംഗ്ലൂർ) |

| | |
|---|---|
| 25/06/2022 | അക്കരപട്ട്യേക്കൽ അന്തപ്പൻ മകൻ ബിജു - സെന്റ് മേരീസ് യൂണിറ്റ് - പുല്ലഴി |
| 28/06/2022 | ആലപ്പാട്ട് ചാക്കോ മകൻ മോബി - സെന്റ് ജോൺസ് യൂണിറ്റ് - വെസ്റ്റ് ഫോർട്ട് തൃശൂർ |

# ഇടവകയിലേക്ക് വന്നവർ

| തീയ്യതി | പേര്, വിലാസം |
|---|---|
| 21.05.2022 | കരേരക്കാട്ടിൽ ലോനപ്പൻ മകൻ വിൻസന്റ് & കുടുംബം - സെന്റ് ജോസഫ്സ് യൂണിറ്റ് |
| 07.06.2022 | അറങ്ങാശ്ശേരി വറീത് ജോസ് & കുടുംബം - മഡോണ യൂണിറ്റ് |
| 10.06.2022 | പുളിക്കൻ ദേവസ്സി മകൻ പോളി & കുടുംബം - സെന്റ് ജോസഫ്സ് യൂണിറ്റ് |
| 12.06.2022 | പുത്തൂർ തോമസ് മകൻ സണ്ണി & കുടുംബം - സെന്റ് ജോസഫ്സ് യൂണിറ്റ് |
| 17.06.2022 | വേലൂക്കാരൻ ഡേവിസ് മകൻ ഡെന്റോ & കുടുംബം - സെന്റ് പോൾസ് യൂണിറ്റ് |
| 18.06.2022 | കൊള്ളന്നൂർ തറയിൽ വർഗീസ് മകൻ ചെറിൻ & കുടുംബം - സെന്റ് പോൾസ് യൂണിറ്റ് |

## അറിയിപ്പ്

സെന്റ് വിൻസെന്റ് ഡി പോൾ വനിത വിഭാഗത്തിന്റെ

കീഴിലുള്ള **ടൈലറിംഗ് ക്ലാസ**

ജൂലായ് മുതൽ ആരംഭിച്ചിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**ശ്രീമതി സുധ ആന്റണി**

ഫോൺ : 9747313435

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF




## 2022 ജൂലൈ മാസത്തെ ബൈബിൾ ക്വിസ്

പാഠ്യഭാഗം 1 കോറിന്തോസ് അധ്യായം 9-12 വരെ.

**ഉത്തരങ്ങൾ - ജൂലൈ 20-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.**

1. നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം എന്തിന്റെ ഭാഗഭാഗിത്വമാണ്.
2. മേഘത്തിലും കടലിലും സ്നാനമേറ്റ് മോശയോട് ചേർന്നതാര്?
3. സുവിശേഷം പ്രസംഗിച്ച പൗലോശ്ലീഹാ തിരസ്കൃതനാകാതിരിക്കുന്നതിന് എന്തു ചെയ്യുന്നു?
4. ദൈവനിയമില്ലാത്തവനായിരുന്നില്ല പൗലോശ്ലീഹാ എപ്പോൾ?
5. ഞങ്ങൾ നിങ്ങളുടെയിടയിൽ ആത്മീയ നന്മകൾ വിതച്ചെങ്കിൽ............ അധികപ്പറ്റാണോ?
6. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും, ഈ പാനപാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം എന്താണ് പ്രഖ്യാപിക്കുന്നത്?
7. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്. അധ്യായവും വാക്യവും എഴുതുക.
8. ശരീരം ഒരു ചെവി മാത്രമായിരുന്നെങ്കിൽ എന്തു സാധ്യമാകുന്നതെങ്ങിനെ?
9. ദൈവം സഭയിൽ മൂന്നാമത് നിയമിച്ചിരിക്കുന്നതാരെ?
10. ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ എന്താണ് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്?

## 2022 ജൂൺ മാസത്തെ ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. ശപിക്കാനും ആണയിടാനും
2. ഭൃത്യന്മാർ
3. ഗലീലിയിൽ വെച്ച്
4. ഇവയെല്ലാം കല്ലിന്മേൽ കല്ലുശേഷിക്കാതെ തകർക്കപ്പെടും.
5. ജനക്കൂട്ടം
6. വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർത്ഥിക്കുന്നതായി നടിക്കുകയും ചെയ്യുന്നു.
7. യഹൂദരുടെ രാജാവ്
8. ഏശയ്യ
9. മഗ്ദലനമറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും
10. നക്ഷത്രങ്ങൾ

---

## 2022 ജൂൺ മാസത്തെ ശരിയുത്തരം അയച്ചവർ

1. ഡെയ്സി അന്തപ്പൻ - സെന്റ് മേരീസ് യൂണിറ്റ്
2. ആഗ്നെല്ല - ക്രിസ്തുരാജ് യൂണിറ്റ്

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com

നറുക്കെടുപ്പിലൂടെ വിജയിയായത്

**ആഗ്നെല്ല**

ക്രിസ്തുരാജ യൂണിറ്റ്

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
ജൂലൈ 20–ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ജൂൺ മാസത്തെ
ചായക്കൂട്ട് മത്സര വിജയി
**ബിന്ദു സി.എ.**
സെന്റ് ജോൺസ് യൂണിറ്റ്

# 14-ാം ചരമവാർഷികം
21.07.2022



# കെ.പി. തോമസ് (ബ്യൂട്ടി)
## കരേരക്കാട്ടിൽ ഹൗസ്
### അയ്യന്തോൾ

പ്രാർത്ഥനാപൂർവ്വം
ഭാര്യ, മക്കൾ, പേരക്കുട്ടികൾ

സെന്റ് സേവിയേഴ്സ് യൂണിറ്റ്


കട്ടിള നല്ലതാണെങ്കിൽ
തലമുറകളുടെ കഥകൾ പറയും
Ocean
LYKE WOOD
...better than wood
DOOR & WINDOW
FRAME
മരത്തിനേക്കാൾ ഉറപ്പേറിയത്
ചിതൽപിടിക്കില്ല
നനഞ്ഞാലും വികസിക്കില്ല
Ocean
WE GIVE LIFE TO PLASTIC
OCEAN POLYMER INDUSTRIES PVT. LTD.
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in
FOR TRADE ENQUIRIES CALL: 0487- 2202787
CUSTOMER CARE : 8137009888
nirmala hiprint Ph : 0487 2387393